പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3510

23.06.2014-ൽ മറുപടിക്ക്.

## പോത്തൻകോട് കേന്ദ്രമായി പോലീസ് സർക്കിൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് സർക്കിളുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പോലീസ് ഹെഡ് ക്വാർട്ടേഴ്സ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഏറ്റവും കൂടുതൽ വി.വി.ഐ.പി.കൾ വന്നു പോകുന്ന ശാന്തിഗിരി ആശ്രമം ഉൾപ്പെടെ സ്ഥിതിചെയ്യുന്ന പോത്തൻകോട് കേന്ദ്രമായി ഒരു പോലീസ് സർക്കിൾ ആരംഭിക്കാൻ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ അത് എന്നാണ് ഗവൺമെന്റിന് ലഭിച്ചത്;<br><br>(ഡി) അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;<br><br>(ഇ) നടപ്പ് സാമ്പത്തിക വർഷം തന്നെ പോത്തൻകോട് കേന്ദ്രമായി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി)യും, (സി)യും, (ഡി)യും, (ഇ)യും) പോത്തൻകോട് കേന്ദ്രമായി ഒരു സർക്കിൾ ഓഫീസ് ആരംഭിയ്ക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ 04.03.2013 ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പര്യാപ്തമല്ലാത്തതിനാൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ